No. 105/A1/2020/XI PRC

3234
24/2/20

Office of the XI Pay Revision Commission
Trans Towers, Vazhuthacaud,
Thiruvananthapuram
Mob:8281373059
Dated: 17.05.2020

From
The Secretary

24/2/20

To
The Chief Engineer (Engineering Unit)
Local Self Government Department
Public Office Building, Thiruvananthapuram

Sir,

Sub:- XI PRC – Forwarding of Questionnaire and Proforma – reg:-

Ref:- G.O(Ms)No.414/2019/Fin dated 06.11.2019.

Government, as per G.O cited, have constituted the XI Pay Revision Commission to study and make recommendations on revising the pay and allowances of State Government employees and teachers, employees of universities etc.

The Commission has published a questionnaire for eliciting the views of all stakeholders including Heads of Departments, service organizations etc. I am to forward herewith a copy of the questionnaire and a proforma, and to request you to furnish your response to the questionnaire and the details sought in the proforma before 15.03.2020.

Kindly visit www.prc.kerala.gov.in.

Yours faithfully,
G. ASOK KUMAR
**SECRETARY**

Approved for Issue,

Accounts Officer

ഫയലെഴുത്ത് നം: ഇ8/2210/15/സിഇ/തസ്വഭ തീ: 24.02.2020

11-ാം ശമ്പള പരിഷ്കരണ കമ്മീഷൻ സർക്കാരിലുള്ള ജീവനക്കാരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും നേരിട്ട് കമ്മീഷനിലേയ്ക്കോ ഈ ഓഫീസ് മുഖേനയോ ഇ-മെയിൽ/തപാൽ വഴിയോ നൽകാവുന്നതാണ്. അഭിപ്രായങ്ങൾ ഈ ഓഫീസ് മുഖേന നൽകുന്നതിനായി 29.02.2020-നകം ഈ കാര്യാലയത്തിലെ ഇ8 സെക്ഷനിൽ ലഭ്യമാക്കേണ്ടതാണ്. ടി അറിയിപ്പ് എല്ലാ ജീവനക്കാരുടെയും [illegible] [illegible] [illegible]
[illegible] [illegible]

ചീഫ് എഞ്ചിനീയർ

# ശമ്പളപരിഷ്കരണക്കമ്മീഷൻ 2019

## ചോദ്യാവലി

ശമ്പളപരിഷ്കരണക്കമ്മീഷൻ,

കേരള സർക്കാർ,

തിരുവനന്തപുരം

ഔദ്യോഗിക വെബ്സൈറ്റ് - www.prc.kerala.gov.in

**SPARK LiVE**
**GOVT.NEWS**

# പാർട്ട്- I

## ആമുഖം

സംസ്ഥാന ഖജനാവിൽനിന്ന് ശമ്പളം കൈപ്പറ്റുന്ന ജീവനക്കാരുടെ ശമ്പളഘടന, സേവന വ്യവസ്ഥകൾ, സംസ്ഥാന പെൻഷൻകാർക്ക് നൽകുന്ന ആനുകൂല്യങ്ങൾ എന്നിവ മെച്ചപ്പെടുത്തുന്നതു സംബന്ധിച്ച ശിപാർശകൾ സർക്കാരിന് സമർപ്പിക്കുന്നതിനുവേണ്ടി സംസ്ഥാനസർക്കാർ അതതുകാലം ശമ്പളക്കമ്മീഷനുകൾ രൂപവൽക്കരിക്കുന്നു. ഒന്നാം സംസ്ഥാന ശമ്പളക്കമ്മീഷൻ രൂപവൽക്കരിച്ചത് 1957-ലാണ്. അത് തിരു-കൊച്ചി, മദ്രാസ് സംസ്ഥാനത്തിലുൾപ്പെട്ട മലബാർ ജില്ല എന്നിവിടങ്ങളിലെ സേവനങ്ങൾ ഏകീകരിക്കുന്നതിനാണ് ഊന്നൽ നൽകിയിരുന്നത്. പ്രസ്തുത സേവന-വേതന വ്യവസ്ഥകൾ വിശകലനം ചെയ്യുന്നതിനായി നാളിതുവരെ പത്ത് ശമ്പളപരിഷ്കരണക്കമ്മീഷനുകൾ രൂപീകൃതമായിട്ടുണ്ട്. 1974-ൽ സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പളവും അലവൻസുകളും പരിഷ്കരിച്ചുവെങ്കിലും, അതിന്റെ കൃത്യനിർവ്വഹണച്ചുമതല ഒരു സ്പെഷ്യൽ ഓഫീസർക്കായിരുന്നു; അല്ലാതെ കമ്മീഷനല്ല. 1992-ൽ കേന്ദ്രനിരക്കുകൾക്കനുസൃതമായി ശമ്പള തുല്യത നടപ്പാക്കുന്നതിനുള്ള പഠനത്തിനായി ഒരു ശമ്പള ഏകീകരണസമിതി (Pay Equalization Committee) രൂപവൽക്കരിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ ഉത്തരവുകൾ പുറപ്പെടുവിക്കുകയും ചെയ്തു.

2. ശ്രീ.കെ.മോഹൻദാസ്, ഐ എ എസ് (റിട്ടയേർഡ്) ചെയർമാനായും, പ്രൊഫ.എം.കെ.സുകുമാരൻ നായർ, ഓണററി ഡയറക്ടർ, സെന്റർ ഫോർ ബജറ്ററി സ്റ്റഡീസ്, കൊച്ചി ശാസ്ത്ര-സാങ്കേതിക സർവകലാശാല, കേരള

ഹൈക്കോടതി അഭിഭാഷകൻ അഡ്വ.അശോക് മാമ്മൻ ചെറിയാൻ തുടങ്ങിയവർ അംഗങ്ങളായും 06.11.2019 ലെ ജി.ഒ(എം.എസ്) നം.414/2019/ഫിൻ ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ പതിനൊന്നാം ശമ്പളപരിഷ്കരണക്കമ്മീഷൻ രൂപവൽക്കരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിഷനിൽ നിക്ഷിപ്തമായ പരിശോധനാ വിഷയങ്ങൾ ചുവടെപ്പറയും പ്രകാരമാണ്.

i. ചുവടെ പ്രതിപാദിച്ചിരിക്കുന്ന തസ്തികകളുടെ ശമ്പളവും അലവൻസുകളും, ആവശ്യമാകുന്ന പക്ഷം, ഭേദഗതി ചെയ്യുക.

എ) പാർട്ട് ടൈം കണ്ടിജന്റ് സർവീസ്, കാഷ്വൽ സ്വീപ്പർമാർ ഉൾപ്പെടെയുള്ള സർക്കാർ സർവീസിലെ തസ്തികകൾ.

ബി) സർക്കാരിനു കീഴിലുള്ള വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, എയ്ഡഡ് സ്കൂളുകൾ, കോളേജുകൾ തുടങ്ങിയവയിലെ തസ്തികകൾ, ഡയറക്ട് പേമെന്റ് സ്കീമിൽ (Direct Payment Scheme) ഉൾപ്പെടുന്ന സ്ഥാപനങ്ങളിലെ തസ്തികകൾ, പാർട്ട്-ടൈം തസ്തികയിലെ ജീവനക്കാർ, കാഷ്വൽ സ്വീപ്പർമാർ ഉൾപ്പെടെയും യു.ജി.സി/എ.ഐ.സി.ടി.ഇ (UGC/ AICTE) സ്കീം പ്രകാരമുള്ള ശമ്പള സ്കെയിലുകളിലെ തസ്തികകളും കേന്ദ്ര ശമ്പളസ്കെയിൽ പിന്തുടരുന്ന മെഡിക്കൽ കോളേജിലെ ജീവനക്കാർ, ജുഡീഷ്യൽ ഓഫീസർമാർ തുടങ്ങിയവരെ ഒഴിവാക്കിയും.

സി) എ.ഐ.സി.ടി.ഇ/യു.ജി.സി/സെൻട്രൽ സ്കീം പ്രകാരമുള്ള ശമ്പള സ്കെയിലിലെ തസ്തികകൾ ഒഴികെയുള്ള തദ്ദേശ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികളിലെ തസ്തികകൾ.

ii. മേൽ വിഭാഗം ജീവനക്കാരുടെ നിലവിലെ ശമ്പളവും അലവൻസുകളും, പ്രൊമോഷൻ, ശമ്പളേതര ആനുകൂല്യങ്ങൾ തുടങ്ങിയവ പരിശോധിക്കുക, ആവശ്യമെങ്കിൽ വേണ്ട മാറ്റങ്ങൾ നിർദ്ദേശിക്കുക.

iii. പ്രവേശന തസ്തികയിൽ ദീർഘകാലം സേവനത്തിൽത്തുടരുന്ന ഗസറ്റഡ്, നോൺ ഗസറ്റഡ് തസ്തികയിലെ ജീവനക്കാർക്ക് നോൺ-കേഡർ പ്രൊമോഷൻ നടപ്പിലാക്കുന്നത് പരിശോധിക്കുക.

iv. സർവീസ് പെൻഷൻകാർക്ക് അനുവദിച്ചിരിക്കുന്ന ആനുകൂല്യങ്ങൾ പരിശോധിച്ച് ആവശ്യമെങ്കിൽ മാറ്റങ്ങൾ നിർദ്ദേശിക്കുക.

v. നിലവിൽ കേന്ദ്രസർക്കാർ ജീവനക്കാർക്ക് ലഭിക്കുന്നതും എന്നാൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ലഭിക്കാത്തതുമായ ആനുകൂല്യങ്ങൾ നടപ്പിലാക്കുന്നത് പരിഗണിക്കുക.

vi. കഴിഞ്ഞ ശമ്പളപരിഷ്കരണത്തിൽ ഉടലെടുത്തതും അടുത്ത കമ്മിഷന്റെ പരിഗണനയ്ക്കായി സർക്കാർ നിർദ്ദേശിച്ചതുമായ അപാകതകൾ പരിശോധിച്ച് പരിഹാരങ്ങൾ നിർദ്ദേശിക്കുക.

vii. നിലവിലെ സിവിൽ സർവീസ് ഘടന പരിശോധിച്ച് അതിന്റെ കാര്യക്ഷമത, സാമൂഹികപ്രതിജ്ഞാബദ്ധത എന്നിവ വർദ്ധിപ്പിക്കുന്നതിനും സിവിൽ സർവീസ് കൂടുതൽ ജനസൗഹാർദ്ദമാക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക.

viii. വനിതാ ജീവനക്കാർ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിശോധിച്ച് അവയ്ക്ക് പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക.

**SPARK LiVE**

ix. ശമ്പളനിർണ്ണയവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കുള്ള ചെലവും സമയവും കുറയ്ക്കുക എന്ന ഉദ്ദേശ്യത്തോടെ ശമ്പളനിർണ്ണയ ചട്ടങ്ങളും നടപടിക്രമങ്ങളും പുന:പരിശോധിച്ച് അത് ലളിതമാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക.

X. ശമ്പളപരിഷ്കരണ ശിപാർശകൾ നടപ്പിലാക്കുന്നതുവഴി ഉണ്ടാകുന്ന അധിക സാമ്പത്തികബാധ്യത കണക്കാക്കി അതിന് അവലംബിച്ചിരിക്കുന്ന രീതിശാസ്ത്രം (methodology)/നിഗമനം (assumption) ഉൾപ്പെടെയുള്ളവ തിട്ടപ്പെടുത്തുക.

3. കൂടാതെ, ഹൈക്കോടതി ജീവനക്കാരുടെ ശമ്പളവും അലവൻസുകളും പരിഷ്കരിക്കുന്നതിനു വേണ്ട ശിപാർശകൾ സമർപ്പിക്കുന്നതിനുള്ള ദൗത്യവും സംസ്ഥാന സർക്കാർ, 12.11.2019 ലെ ജി.ഒ(എം.എസ്) നം.425/2019/ഫിൻ പ്രകാരം കമ്മിഷനെ ഏൽപ്പിച്ചിട്ടുണ്ട്.

4. പതിനൊന്നാം ശമ്പളപരിഷ്കരണക്കമ്മിഷന്റെ പരിഗണനാവിഷയങ്ങളിൽ (Terms of Refernce) ഉൾപ്പെട്ടിട്ടുള്ള വിഷയങ്ങൾ സംബന്ധിച്ച് സർവീസ് സംഘടനകളും വ്യക്തികളും രേഖപ്പെടുത്തുന്ന അഭിപ്രായങ്ങൾ/ ആശയങ്ങൾ കമ്മിഷന് വളരെ പ്രയോജനകരമായിരിക്കും. ഇത് കണക്കിലെടുത്ത് നിലവിലെ ശമ്പള ഘടനയുടെയും മറ്റ് ബന്ധപ്പെട്ട വിഷയങ്ങളുടെയും ഒരു പശ്ചാത്തല കുറിപ്പ്, ചോദ്യാവലി സഹിതം, പാർട്ട്-II ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

5. പൊതുജനങ്ങളുടെയും മറ്റു ബന്ധപ്പെട്ടവരുടെയും അഭിപ്രായങ്ങൾ ലഭ്യമാക്കുക എന്നതാണ് ചോദ്യാവലിയുടെ ഉദ്ദേശ്യം. ചോദ്യങ്ങളുടെ ഉള്ളടക്കവും ഭാഷയും ശമ്പളപരിഷ്കരണക്കമ്മിഷന്റെ അഭിപ്രായം സൂചിപ്പിക്കുന്നവയായി കണക്കാക്കേണ്ടതില്ല.

## പാർട്ട്-II

## പശ്ചാത്തലക്കുറിപ്പ്

കേന്ദ്ര, സംസ്ഥാന സർക്കാരുകൾ രൂപവൽക്കരിക്കുന്ന ശമ്പളപരിഷ്കരണക്കമ്മിഷനുകളുടെ കർത്തവ്യം ശമ്പളവും മറ്റ് അലവൻസുകളും പരിഷ്കരിക്കുന്നതിന് ശിപാർശ നല്കുന്നതിൽ മാത്രം ചുരുങ്ങി നിൽക്കുന്നതല്ല. സിവിൽ സർവീസിന്റെ ഉത്തരവാദിത്വം, ഗുണമേന്മ എന്നിവ മെച്ചപ്പെടുത്തുന്നതിനായി കാലാനുസൃതമായ മാറ്റങ്ങൾ നിർദ്ദേശിക്കുന്നതിനുള്ള ഒരു ഉപദേശക സമിതിയായാണ് ഓരോ കമ്മിഷനെയും സർക്കാർ നോക്കിക്കാണുന്നത്. സിവിൽ ജീവനക്കാർ, പൊതുജനങ്ങൾ, സർക്കാർ എന്നിങ്ങനെ സിവിൽ സർവീസിന്റെ മൂന്ന് ഭാഗഭാക്കുകളുടെയും താത്പര്യങ്ങൾ തുലനപ്പെടുത്തിക്കൊണ്ടാകണം ഈ ഉത്തരവാദിത്വം കമ്മിഷൻ നിറവേറ്റേണ്ടത്.

2. രാജ്യത്തെ സിവിൽ സർവീസ് ഒരു നിർണ്ണായകമായ സന്ധിയിലാണ്. ഭരണസംവിധാനത്തിൽ വിവരസാങ്കേതികവിദ്യ, ഐ.ടി.ഇ.എസ്. (ITES) എന്നിവ ഉൾപ്പെടുത്തുന്നതിന് പുതിയ സാങ്കേതികവിദ്യ, പുനർനിർമ്മാണ പ്രക്രിയകൾ എന്നിവയ്ക്ക് അനുസൃതമായി ബ്യൂറോക്രസിയിൽ സമൂലമായ പുനർരൂപവൽക്കരണം ആവശ്യമായുണ്ട്. സർക്കാരിന്റെ സേവനവിതരണത്തിൽ പുരോഗതി ലക്ഷ്യം വച്ചുകൊണ്ടുള്ള നിയമനിർമ്മാണങ്ങൾ ആവശ്യപ്പെടുന്നത് ജീവനക്കാർ മുമ്പത്തെക്കാളേറെ സുതാര്യവും ഉത്തരവാദിത്വബോധമുള്ളവരും ആകണമെന്നാണ്. സിവിൽ ജീവനക്കാരുടെ പ്രവർത്തനശൈലിയിലും, മനോഭാവത്തിലും പ്രവൃത്തിയിലും, ഒരു നിഷേധാത്മകമല്ലാത്ത മാറ്റം വരുത്തേണ്ടതുണ്ട്. ഇക്കാര്യങ്ങൾ പ്രത്യേകം വീക്ഷിച്ച് കേരളത്തിലെ സിവിൽ സർവീസ് കൂടുതൽ സുതാര്യവും, കാര്യക്ഷമവും, ഉത്തരവാദിത്വ പൂർണ്ണവുമാക്കി മാറ്റുന്നതിനുതകുന്ന ശിപാർശകൾ സമർപ്പിക്കാൻ

കമ്മീഷൻ ആഗ്രഹിക്കുന്നു. **ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ഏറ്റവുമൊടുവിൽ പരിഷ്കരിച്ച് നടപ്പിലാക്കിയത് 01.07.2014-ൽ ആണ്.**

3. വിഭിന്നമായ കാരണങ്ങളാൽ വിവിധ വകുപ്പുകളിലെ പ്രൊമോഷൻ സാധ്യത സമാനമല്ല. ഈ വൈജാത്യം പരിഹരിക്കുന്നതിനായി നോൺ-കേഡർ പ്രൊമോഷൻ, കരിയർ അഡ്വാൻസ്മെന്റ് സ്കീം എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. 01.07.2014 പ്രാബല്യത്തിൽ പത്താം ശമ്പളക്കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കിയതിനു ശേഷം, 01.01.2015 പ്രാബല്യത്തിൽ 3%, 01.07.2015 പ്രാബല്യത്തിൽ 3%, 01.01.2016 പ്രാബല്യത്തിൽ 3% എന്നിങ്ങനെ മൂന്നു ഗഡു ക്ഷാമബത്ത അനുവദിച്ചിട്ടുണ്ട്. 01.07.2018 പ്രാബല്യത്തിൽ നിലവിലെ ക്ഷാമബത്ത നിരക്ക് 20% ആണ്. 01.01.2019 പ്രാബല്യത്തിൽ 3%, 01.07.2019 പ്രാബല്യത്തിൽ 5% എന്നിങ്ങനെ രണ്ടു ഗഡു ക്ഷാമബത്ത കൂടി ഇനി അനുവദിക്കേണ്ടതായുണ്ട്. സംസ്ഥാന സർക്കാർ ജീവനക്കാർക്ക് അനുഭവവേദ്യമാകാത്ത വിദ്യാഭ്യാസബത്ത (Education Allowance), ഗതാഗതബത്ത (Transport Allowance) തുടങ്ങിയ ചില ആനുകൂല്യങ്ങൾ ആറാം കേന്ദ്ര ശമ്പളക്കമ്മീഷൻ കേന്ദ്രസർക്കാർ ജീവനക്കാർക്ക് ശിപാർശ ചെയ്തിട്ടുണ്ട്.

4. സർക്കാർ ജീവനക്കാർ മെച്ചപ്പെട്ട ശമ്പളാനുകൂല്യങ്ങൾ കൈപ്പറ്റുന്നുണ്ടെങ്കിലും, മറ്റ് മേഖലകളുമായി തുലനം ചെയ്യാവുന്ന തരത്തിൽ സർക്കാരിന്റെ സേവനദാന കാര്യക്ഷമത ഉയരുന്നില്ല എന്നൊരു ധാരണയുണ്ട്. വിവിധ നിയമങ്ങൾ നടപ്പിലാക്കിയതു വഴി പൊതുസേവനങ്ങൾ കൂടുതൽ സുതാര്യമായെങ്കിലും സർക്കാർ സംവിധാനങ്ങളുടെ പ്രവർത്തനവും ശൈലിയും പ്രതീക്ഷിച്ച പ്രകാരം തൃപ്തികരമായ നിലയിലല്ല. നിലവിലെ സേവന വിലയിരുത്തൽ സമ്പ്രദായത്തിൽ സമൂലമായ മാറ്റം വരുത്തുകയും ജോലി



SPARK LiVE

നിർവ്വഹണവുമായി ബന്ധപ്പെടുത്തി ജീവനക്കാർക്ക് പ്രോത്സാഹനം നൽകുകയും ചെയ്താൽ സർക്കാരിന്റെ സേവനഫലങ്ങൾ മെച്ചപ്പെടും.

5. ഐ.ടി വ്യവസായത്തിൽ കേരളം മുൻ നിരയിലാണെങ്കിലും ഭരണ നിർവ്വഹണ മേഖലകളിൽ, ഐ.ടി അധിഷ്ഠിത സേവനങ്ങൾ നടപ്പാക്കുന്നതിൽ സംസ്ഥാനം പിന്നിലാണ്. ഐ.ടി അധിഷ്ഠിത ഭരണനിർവ്വഹണത്തിൽ മുന്നാക്കംനിൽക്കുന്ന ചില സംസ്ഥാനങ്ങളുടെ അനുഭവം സാക്ഷ്യപ്പെടുത്തുന്നത്, സേവന നടപടികളുടെ മേന്മ വർദ്ധിപ്പിക്കാനും, ത്വരിതപ്പെടുത്താനും ഉയർന്ന തോതിൽ അഴിമതി ഇല്ലാതാക്കാനും വിവര സാങ്കേതികവിദ്യ സഹായകമാവുമെന്നാണ്. ഇത് മുന്നിൽക്കണ്ടാണ് സർക്കാർ ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയത്. പ്രസ്തുത സംവിധാനം മറ്റ് സർക്കാർ ഓഫീസുകളിലും നടപ്പിൽ വരുത്തുന്നതിനുള്ള ശ്രമങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. സർക്കാർ ഓഫീസുകളിലെ ഫയൽ മാനേജ്മെന്റ് ഓട്ടോമേറ്റ് ചെയ്യുന്നതിനുള്ള ഒരു ഡിജിറ്റൽ വർക്ക്പ്ലേയ്സ് സൊല്യൂഷനാണ് ഇ-ഓഫീസ് ഫയൽ മാനേജ്മെന്റ് സിസ്റ്റം (e-file). സർക്കാർ ഓഫീസുകൾ ആധുനികീകരിക്കുന്നതിനും കൈകൊണ്ടു ചെയ്യുന്ന പേപ്പർ ഫയൽ നടപടികൾ അവസാനിപ്പിച്ച് പകരമായി ഡിജിറ്റൽ ജോലി സമ്പ്രദായം ഏർപ്പെടുത്തുന്നതിനുമാണ് കേരളത്തിലെ ഇ-ഓഫീസ് പ്രോജക്ട് ലക്ഷ്യം വയ്ക്കുന്നത്. പ്രസ്തുത സമ്പ്രദായത്തിൽ ഇലക്ട്രോണിക് മാർഗ്ഗത്താലുള്ള ആശയവിനിമയത്തിന്റെ സഹായത്തോടെ സത്വര തീരുമാനം കൈക്കൊള്ളുന്നത് സാധ്യമാകുന്നതു വഴി സർക്കാർ ഓഫീസുകൾ 'പേപ്പർരഹിത ഓഫീസ്' ആയി മാറുന്നതുമാണ്. ഇതു പോലെ സർട്ടിഫിക്കറ്റ് വിതരണം, സർക്കാരിലേക്ക് പണമടയ്ക്കൽ തുടങ്ങിയ വിവിധ സേവനങ്ങൾ ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലേയ്ക്ക് മാറിയതിന്റെ ഗുണഫലങ്ങൾ ജനങ്ങൾക്ക്

അനുഭവവേദ്യമായിത്തുടങ്ങിയിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ വിവിധ ഇ-ഗവേണൻസ് ഉദ്യമങ്ങൾ ചുവടെ പരാമർശിക്കുന്ന പ്രകാരമാണ്.

- ഇ-ഡിസ്ട്രിക്റ്റ് (e-District)
- ഇ-പ്രൊക്യൂർമെന്റ് (e-Procurement)
- ഇ-പോസ് (e-Pos)
- CCTNS - Police
- ഇ-പഞ്ചായത്ത് (e-Panchayath)
- സ്റ്റേറ്റ് സർവ്വീസ് ഡെലിവറി ഗേറ്റ് വേ [(State Service Delivery Gateway (SSDG)]
- Integrated Finance Management System Project (IFMS)
- ബിംസ് [BiMS -(Bill Information and Management System)]
- ബാംസ് [BAMS -(Budget Allocation & Monitoring System)]
- വാംസ് [WAMS -(Ways and Means System)]
- പ്രിസം [PRISM -(Pensioner Information System)]
- സ്പാർക്ക് [SPARK- (Service and Payroll Administrative Repository for Kerala)]
- പ്രൈസ് [PRICE- (Project Information and Cost Estimation)]
- ഇ-ടെണ്ടർ [e-Tender]
- IT@School Project

6. എന്നാൽ പ്രസ്തുത മേഖലയിൽ ഇതുവരെ കൈവരിച്ച നേട്ടങ്ങളിൽ ഒതുങ്ങി നില്ക്കുവാൻ സർക്കാരിന് സാധിക്കുകയില്ല. വിവരസാങ്കേതികവിദ്യ ഉപയോഗിച്ച് മെച്ചപ്പെട്ട സേവനം കാഴ്ചവയ്ക്കാവുന്ന സർക്കാർ മേഖലകൾ കണ്ടെത്തേണ്ടതായുണ്ട്.

7. മാസ്റ്റർ സ്കെയിൽ പ്രചാരത്തിൽ വരുത്തിയതിനുശേഷവും, ശമ്പള നിർണ്ണയ പ്രക്രിയകളിലെ സങ്കീർണ്ണത നിലനിൽക്കുന്നു. ഏഴാം കേന്ദ്ര ശമ്പളക്കമ്മീഷൻ 'പേ മെട്രിക്സ്' സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത സമ്പ്രദായം സംസ്ഥാനത്തും നടപ്പിലാക്കാമോ എന്നതു സംബന്ധിച്ച് തക്കതായ പരിശോധന നടത്തേണ്ടതായുണ്ട്.

സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ നിന്ന് നേരിട്ട് ശമ്പളം നൽകി വരുന്ന ഓൾ ഇന്ത്യ സർവീസ് ഓഫീസർമാർ, യു.ജി.സി./എ.ഐ.സി.ടി.ഇ. ഓഫീസർമാർ, എയ്ഡഡ് സ്കൂളുകൾ/ കോളേജുകൾ തുടങ്ങിയവയിലെ അദ്ധ്യാപക/ അദ്ധ്യാപകേതര ജീവനക്കാർ, പാർട്ട്-ടൈം കണ്ടിജന്റ് ജീവനക്കാർ/ ശുചീകരണ ജീവനക്കാർ, കൺസോളിഡേറ്റഡ് പേ കൈപ്പറ്റുന്ന ജീവനക്കാർ ഉൾപ്പെടെ 5,15,639 (2019-20) ജീവനക്കാർ (സ്ഥിരം/ താൽക്കാലിക) നിലവിലുണ്ട് (ചുവടെയുള്ള പട്ടിക-1 പരിശോധിക്കാവുന്നതാണ്). (വിവരങ്ങൾ 2019-20 സംസ്ഥാന ബജറ്റ് പ്രകാരം)

## പട്ടിക - I

## സർക്കാർശമ്പളം കൈപ്പറ്റുന്ന ഉദ്യോഗസ്ഥരുടെ എണ്ണം 2019-20

| ഉദ്യോഗസ്ഥർ | എണ്ണം |
|---|---|
| **എ)** വിവിധ വകുപ്പുകളിൽപ്പെടുന്ന ഗവൺമെന്റ് ഉദ്യോഗസ്ഥരുടെ എണ്ണം | **377065** |
| **ബി)** സ്വകാര്യ സ്കൂൾ/ കോളേജ്/എഞ്ചിനീയറിംഗ് കോളേജ്/ പോളിടെക്നിക് എന്നിവയിലെ അദ്ധ്യാപകരും അദ്ധ്യാപകേതര ജീവനക്കാരും | |
| (i) സ്വകാര്യ സ്കൂൾ ജീവനക്കാർ | |
| (a) അദ്ധ്യാപകർ | 110446 |
| (b) അദ്ധ്യാപകേതര ജീവനക്കാർ | 9488 |
| (ii) സ്വകാര്യ കോളേജ് ജീവനക്കാർ | |
| (a) അദ്ധ്യാപകർ | 9411 |
| (b) അദ്ധ്യാപകേതര ജീവനക്കാർ | 7326 |
| (iii) സ്വകാര്യ എഞ്ചിനീയറിംഗ് കോളേജുകളിലെയും സ്വകാര്യ പോളിടെക്നിക്കുകളിലെയും ജീവനക്കാർ | |
| (a) അദ്ധ്യാപകർ | 1144 |
| (b) അദ്ധ്യാപകേതര ജീവനക്കാർ | 240 |
| (iv) സ്വകാര്യ ആയുർവേദ മെഡിക്കൽ കോളേജ് ജീവനക്കാർ | |
| (a) അദ്ധ്യാപകർ | 183 |
| (b) അദ്ധ്യാപകേതര ജീവനക്കാർ | 87 |
| (v) സ്വകാര്യ ഹോമിയോ മെഡിക്കൽ കോളേജ് ജീവനക്കാർ | |
| (a) അദ്ധ്യാപകർ | 120 |
| (b) അദ്ധ്യാപകേതര ജീവനക്കാർ | 129 |
| ആകെ **(ബി)** | 138574 |
| **ആകെ ജീവനക്കാരുടെ എണ്ണം (എ+ബി)** | **515639** |

8. 2018-19 ലെ ഫിനാൻസ് അക്കൗണ്ട്സ് പ്രകാരം ശമ്പള ഇനത്തിലെ ചെലവ് സംസ്ഥാനത്തിന്റെ മൊത്തം റവന്യൂ വരുമാനത്തിന്റെ 33.94% വും പെൻഷന്റേത് 20.47% വും ആയിരുന്നു. പ്രസ്തുത സാമ്പത്തിക വർഷം പലിശയിനത്തിലെ ചെലവ് സംസ്ഥാനത്തിന്റെ മൊത്തം റവന്യൂ വരുമാനത്തിന്റെ 18.04 % ആയിരുന്നു. അങ്ങനെ ശമ്പളം, പെൻഷൻ, പലിശ എന്നീ ചെലവുകൾ സംസ്ഥാനത്തിന്റെ മൊത്തം റവന്യൂ വരുമാനത്തിന്റെ 72.45% ആകുന്നു.

**ചോദ്യാവലി**

***കുറിപ്പുകൾ :-***

1. ***പൊതുജനങ്ങളുടെയും മറ്റു ബന്ധപ്പെട്ടവരുടെയും അഭിപ്രായങ്ങൾ ലഭ്യമാക്കുക എന്നതാണ് ചോദ്യാവലിയുടെ ഉദ്ദേശ്യം. ചോദ്യങ്ങളുടെ ഉള്ളടക്കം, രചനാശൈലി ഇവ ശമ്പളപരിഷ്കരണക്കമ്മീഷന്റെ വീക്ഷണമായി കണക്കാക്കേണ്ടതില്ല.***
2. ***ഉത്തരങ്ങൾ/മറുപടികൾ എല്ലാ വകുപ്പുകൾക്കും പൊതുവായി ബാധകമോ പ്രത്യേക വകുപ്പുകൾക്ക് മാത്രം ബാധകമോ ആകാവുന്നതാണ്.***
3. ***താങ്കൾക്ക് താത്പര്യമുള്ള വിഷയങ്ങളിൽ 250 വാക്കുകളിൽ അധികമാകാതെ അനുബന്ധ രേഖകൾ സഹിതം വിവരണാത്മക മറുപടി നൽകാവുന്നതാണ്.***
4. ***ചോദ്യാവലിയിൽ ഉൾപ്പെട്ടിട്ടില്ലെങ്കിലും കമ്മീഷന്റെ പരിശോധനാ വിഷയങ്ങളിൽ ഉൾപ്പെട്ടവയുമായി ബന്ധമുള്ള നിർദ്ദേശങ്ങളും നിവേദനങ്ങളും കമ്മീഷൻ സ്വീകരിക്കുന്നതാണ്.***
5. ***ഉത്തരങ്ങൾ/മറുപടികൾ ഇംഗ്ലീഷിലോ മലയാളത്തിലോ ആകാം.***

## 1. ശമ്പളത്തിന്റെയും ബത്തകളുടെയും ഘടന

1.1) കേന്ദ്രസർക്കാർ/പൊതുമേഖല/സ്വകാര്യമേഖല എന്നിവയുമായുള്ള തുല്യതയുടെ അടിസ്ഥാനത്തിലോ വിവിധ വകുപ്പുകളിൽ നിർവ്വഹിക്കപ്പെടുന്ന ജോലിസ്വഭാവത്തിന്റെ അടിസ്ഥാനത്തിലോ നിലവിലെ ശമ്പളഘടനയിൽ പരിഷ്കരണത്തിന്റെ ആവശ്യമുണ്ടോ?

1.2) കേന്ദ്ര സർക്കാർ ജീവനക്കാരുടെയും നിരവധി സംസ്ഥാനങ്ങളിലെ സർക്കാർ ജീവനക്കാരുടെയും ശമ്പളവും അലവൻസുകളും എല്ലാ പത്തുവർഷവും പരിഷ്കരിക്കുന്നു. എന്നാൽ കേരള സർക്കാർ ജീവനക്കാരുടെ ശമ്പളം എല്ലാ 5 വർഷവുമാണ് പരിഷ്കരിക്കുന്നത്. താങ്കളുടെ വീക്ഷണത്തിൽ ഏതാണ് ശരിയായ സമീപനം?

1.3) ശമ്പളത്തിനും പെൻഷനും വേണ്ടി ചെലവാകുന്ന തുക സംസ്ഥാന വരുമാനത്തിന്റെ ഒരു പ്രത്യേക ശതമാനത്തിൽ അധികമാകരുതെന്ന് താങ്കൾ കരുതുന്നുണ്ടോ? അങ്ങനെയെങ്കിൽ എത്ര ശതമാനം വരെയാകാം?

1.4) അനുയോജ്യരായ പ്രതിഭകളെ ആകർഷിക്കാത്ത തരത്തിൽ നിലവിൽ സാലറി പാക്കേജുള്ള ഏതെങ്കിലും സേവനമേഖലയുണ്ടോ?

1.5) പത്താം ശമ്പളപരിഷ്കരണക്കമ്മിഷൻ 27 ശമ്പളസ്കെയിലുകൾ നിർദ്ദേശിച്ചിരുന്നു. പ്രസ്തുത ശമ്പളസ്കെയിലുകൾ തൃപ്തികരമാണെന്ന് കരുതുന്നുണ്ടോ?

1.6) ഏഴാം കേന്ദ്ര ശമ്പളക്കമ്മിഷൻ 'പേ മെട്രിക്സ്' എന്ന സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത സംവിധാനം സംസ്ഥാന സർക്കാരിന് അനുയോജ്യമാണെന്ന് കരുതുന്നുണ്ടോ?

1.7) നിലവിലെ സംവിധാനമായ മാസ്റ്റർ ശമ്പളസ്കെയിൽ ജീവനക്കാർക്ക് പ്രയോജനപ്രദമാണോ?

1.8) ഒരു സംസ്ഥാന സർക്കാർ ജീവനക്കാരന്റെ 01.07.2018 ലെ ഏറ്റവും കുറഞ്ഞ മാസവേതനം 19,800/- രൂപയാണ് {അടിസ്ഥാന ശമ്പളം+ ക്ഷാമബത്ത(16500+16500 ന്റെ 20%)}. ഇത് 01.01.2019, 01.07.2019 തീയതികളിൽ യഥാക്രമം 3%, 5% നിരക്കുകളിൽ രണ്ട് ഗഡു ക്ഷാമബത്ത അനുവദിച്ചാൽ, 01.07.2019-ൽ 21,120/- രൂപയാകും. കേന്ദ്രസർക്കാരിലെ അതിന് ആനുപാതിക വേതനം 21,060/- രൂപയാണ് (18000+17% ക്ഷാമബത്ത). സംസ്ഥാന സർക്കാർ ജീവനക്കാരുടെ 01.07.2018 ലെ ഏറ്റവും കൂടിയ വേതനം 1,44,000/- രൂപയാണ്. {അടിസ്ഥാന ശമ്പളം+ക്ഷാമബത്ത (1,20,000+ 1,20,000 ന്റെ 20%)}. ആയത് 01.01.2019, 01.07.2019 തീയതികളിൽ യഥാക്രമം 3%, 5% നിരക്കുകളിൽ രണ്ട് ഗഡു ക്ഷാമബത്ത അനുവദിച്ചാൽ, 01.07.2019-ൽ 1,53,600/- രൂപയാകും. സംസ്ഥാന സർക്കാർ ജീവനക്കാരുടെ ഏറ്റവും കുറഞ്ഞതും ഏറ്റവും കൂടിയതുമായ വേതനം സംബന്ധിച്ച് താങ്കളുടെ കാഴ്ചപ്പാട് എന്താണ്?

1.9) സംസ്ഥാനത്തിന്റെ പ്രതിശീർഷ വരുമാനം, മറ്റ് മേഖലകളിലെ (വ്യവസായം, കൃഷി തുടങ്ങിയ) ഏറ്റവും കുറഞ്ഞ വേതനം, ആവശ്യകത അടിസ്ഥാനമാക്കിയ ഏറ്റവും കുറഞ്ഞ വേതനം, ജീവിതച്ചെലവ്, മറ്റ് ഘടകങ്ങൾ എന്നിവയുമായി ബന്ധപ്പെട്ടതാകണം സംസ്ഥാന സർക്കാരിലെ ഏറ്റവും കുറഞ്ഞ ശമ്പളം എന്ന് കരുതുന്നുണ്ടോ?

1.10) നിലവിൽ ഒരു ശമ്പളസ്കെയിലിൽ പല നിരക്കിലുള്ള ഇൻക്രിമെന്റുകളുണ്ട്. എന്നാൽ ശമ്പളസ്കെയിലിൽ ഉടനീളം ഏകീകൃത നിരക്കിലുള്ള

ഇൻക്രിമെന്റിലേക്ക് മാറ്റുന്നത് അഭികാമ്യമാണോ?

1.11) നിലവിൽ ഏറ്റവും കുറഞ്ഞ ഇൻക്രിമെന്റ് നിരക്ക് 500/- രൂപയും ഏറ്റവും കൂടിയ നിരക്ക് 2400/- രൂപയുമാണ്. താങ്കളുടെ വീക്ഷണത്തിൽ ഏതാണ് യുക്തമായ നിരക്ക്?

1.12) നിലവിലുള്ള വീട്ടുവാടകബത്തയുടെ നിരക്കിൽ മാറ്റം വരുത്തേണ്ടതുണ്ടോ?

1.13) ഇപ്പോൾ ലഭ്യമാകുന്ന കോമ്പൻസേറ്ററി അലവൻസ് പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ?

1.14) യാത്രാബത്ത/ ദിനബത്ത, സ്ഥിരം യാത്രാബത്ത/സ്ഥിരം വാഹനബത്ത തുടങ്ങിയവ അനുവദിക്കുന്നത് സംബന്ധിച്ച് താങ്കളുടെ അഭിപ്രായം എന്താണ്?

1.15) സ്പെഷ്യൽ അലവൻസ്, കോമ്പൻസേറ്ററി അലവൻസ്, റിസ്ക് അലവൻസ്, നോൺ പ്രാക്ടീസിംഗ് അലവൻസ്, യൂണിഫോം അലവൻസ് തുടങ്ങിയ ആനുകൂല്യങ്ങൾ ജീവനക്കാർക്ക് അനുവദിക്കുന്നുണ്ട്. ഇവയിൽ ഏതെങ്കിലും അലവൻസുകൾ അനുചിതമോ അപര്യാപ്തമോ ആണോ?

1.16) കേന്ദ്ര സർക്കാർ ജീവനക്കാർക്കു അനുവദിച്ചിരിക്കുന്ന ഏതെങ്കിലും ആനുകൂല്യങ്ങൾ സംസ്ഥാന സർക്കാർ ജീവനക്കാർക്കു കൂടി അനുവദിക്കണമെന്ന് താങ്കൾ കരുതുന്നുണ്ടോ?

1.17) നിലവിലെ ശമ്പളനിർണ്ണയച്ചട്ടങ്ങളും നടപടിക്രമങ്ങളും സങ്കീർണ്ണമാണെന്ന് താങ്കൾ കരുതുന്നുണ്ടോ? ആണെങ്കിൽ പ്രസ്തുത പ്രവൃത്തികൾക്കായുള്ള ചെലവും സമയവും മിതമാക്കണമെന്ന ഉദ്ദേശ്യത്തോടെ പ്രസ്തുത ചട്ടങ്ങൾ ലഘൂകരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക

1.18) സ്പാർക്കിനെക്കുറിച്ചുള്ള താങ്കളുടെ അഭിപ്രായം എന്താണ്?

## 2. പ്രൊമോഷനും ബന്ധപ്പെട്ട വിഷയങ്ങളും

2.1) സംസ്ഥാന സർക്കാർ സർവീസിലെ പ്രൊമോഷൻ സാധ്യത പര്യാപ്തമാണെന്ന് താങ്കൾ കരുതുന്നുണ്ടോ?

2.2) പ്രൊമോഷൻ സാധ്യത മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകത ഉണ്ടെങ്കിൽ, സമയബന്ധിത ഹയർഗ്രേഡ് , നോൺ കേഡർ ഗ്രേഡ് പ്രൊമോഷൻ , റേഷ്യോ അടിസ്ഥാന ഹയർ ഗ്രേഡുകൾ, വിവിധ വകുപ്പുകളിലെ സമാന കാറ്റഗറിയിൽ ഉൾപ്പെട്ട തസ്തികകളിലേയ്ക്കുള്ള പൊതുവായ സീനിയോറിറ്റി അടിസ്ഥാനപ്പെടുത്തിയ ഗ്രേഡുകൾ തുടങ്ങിയവയുടെ നേട്ടങ്ങളും കോട്ടങ്ങളും എന്തൊക്കെയാണ്?

2.3) പ്രൊഫഷണൽ കാറ്റഗറികൾക്ക് അനുവദിച്ചിട്ടുള്ള കരിയർ അഡ്വാൻസ്മെന്റ് സ്കീം നോൺ പ്രൊഫഷണൽ കാറ്റഗറികൾക്ക് കൂടി അനുവദിക്കാവുന്നതാണോ?

2.4) സേവനത്തിലെ ഗുണനിലവാരവും കാര്യക്ഷമതയും ഉറപ്പ് വരുത്തണമെന്ന കാഴ്ചപ്പാടോടെ, നോൺ സെലക്ഷൻ തസ്തികകളിലേയ്ക്ക് പ്രൊമോഷൻ അനുവദിക്കുന്നതിനായി സീനിയോറിറ്റിയോടൊപ്പം യോഗ്യതയും പരിഗണിക്കേണ്ടതുണ്ടോ?

2.5) നിശ്ചിത പ്രായപരിധിയിലുള്ള ജീവനക്കാരെ വകുപ്പുതല പരീക്ഷകൾ പാസാകുന്നതിൽനിന്ന് ഒഴിവാക്കുന്നത് തുടരേണ്ടതുണ്ടോ?

2.6) കേരള പബ്ലിക് സർവീസ് കമ്മിഷന്റെ ലിസ്റ്റിൽ ഉയർന്ന റാങ്ക് കരസ്ഥമാക്കി ഒരു വകുപ്പിൽ നിയമിതനായ വ്യക്തി പ്രൊമോഷൻ സ്റ്റാഗ്നേഷൻ അഭിമുഖീകരിക്കുമ്പോൾ അതേ ലിസ്റ്റിൽ താഴ്ന്ന റാങ്ക് ലഭിച്ചതും പ്രൊമോഷൻ സാധ്യത കൂടുതലുള്ള മറ്റൊരു വകുപ്പിൽ നിയമിതനായതുമായ വ്യക്തിക്ക് കൂടുതൽ പ്രൊമോഷനുകൾ ലഭിക്കുന്നു. ഇത് ഒരു

അപാകതയായി കണക്കാക്കുന്നുവെങ്കിൽ അത് പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുക.

3. **പെൻഷൻ**

3.1) പാർട്ട് III കെ.എസ്.ആർ പ്രകാരം നിലവിലുള്ള സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതി കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശം മുന്നോട്ട് വയ്ക്കാനുണ്ടോ?

3.2) നിലവിൽ 30 വർഷ യോഗ്യതാസേവനമുള്ളയാൾക്ക് പൂർണ്ണ പെൻഷൻ അനുവദിക്കുന്നു. ഈ നിബന്ധനയിൽ മാറ്റം വരുത്തേണ്ടതാണെന്ന് താങ്കൾ കരുതുന്നുണ്ടോ?

3.3) പെൻഷന് പരിധി ഏർപ്പെടുത്തേണ്ടതുണ്ടോ?

3.4) പെൻഷൻ കണക്കാക്കുന്ന രീതിയിൽ മാറ്റം വരുത്തേണ്ടതുണ്ടോ?

3.5) നിലവിലുള്ള വൺ റാങ്ക് വൺ പെൻഷൻ പദ്ധതിയിൽ എന്തെങ്കിലും അപാകതകളുണ്ടോ?

3.6) നിലവിലെ അനുതാപബത്ത തുടരേണ്ടതുണ്ടോ?

3.7) അനുതാപബത്ത ലഭിക്കുന്ന ഉദ്യോഗസ്ഥന്റെ കുടുംബത്തിന് കുടുംബപെൻഷൻ അനുവദിക്കേണ്ട ആവശ്യമുണ്ടോ?

3.8) വിരമിക്കൽ സമയത്തെ ആർജ്ജിതാവധി പണമാക്കുന്നത് സംബന്ധിച്ച നിലവിലെ ചട്ടങ്ങളിൽ താങ്കൾ തൃപ്തനാണോ?

3.9) ഡി.സി.ആർ.ജി യുടെ നിലവിലെ ചട്ടങ്ങൾ സംബന്ധിച്ച താങ്കളുടെ അഭിപ്രായം എന്താണ്?

3.10) ഡി.സി.ആർ.ജി യുടെ പരമാവധി തുക എത്ര വരെയാകാമെന്നാണ് താങ്കളുടെ അഭിപ്രായം?

3.11) എക്സ്ഗ്രേഷ്യ പെൻഷൻ ചട്ടങ്ങൾക്ക് എന്തെങ്കിലും മാറ്റങ്ങൾ ആവശ്യമുണ്ടോ?

3.12) നിലവിലെ പെൻഷൻ ചട്ടങ്ങൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും അപാകതകളോ അപര്യാപ്തതകളോ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ ഉദാഹരണസഹിതം അത് പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ വ്യക്തമാക്കുക.

3.13) പാർട്ട് III കെ.എസ്.ആർ. പ്രകാരമുള്ള സ്വയം വിരമിക്കൽ പദ്ധതിയിൽ എന്തെങ്കിലും മാറ്റങ്ങൾ നിർദ്ദേശിക്കുന്നുണ്ടോ?

3.14) 01.04.1964 മുതൽ നിലവിലുള്ളതും അതതുകാലം പരിഷ്കരിച്ച് വരുന്നതുമായ ലിബറലൈസ്ഡ് ഫാമിലി പെൻഷൻ പദ്ധതി പര്യാപ്തമാണോ?

3.15) പെൻഷൻ കമ്മ്യൂട്ടേഷനും, 12 വർഷത്തിനു ശേഷം കമ്മ്യൂട്ട് ചെയ്ത് പെൻഷൻ പുനഃസ്ഥാപിക്കുന്നതും സംബന്ധിച്ച ചട്ടങ്ങളെക്കുറിച്ചുള്ള അഭിപ്രായങ്ങൾ നൽകുക.

3.16) പെൻഷൻ കൈപ്പറ്റുന്നതിന് എന്തെങ്കിലും വിഷമതകൾ അനുഭവിക്കുന്നുണ്ടെങ്കിൽ അത് എന്തൊക്കെയാണ്, പെൻഷൻ വിതരണം മെച്ചപ്പെടുത്തുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശങ്ങൾ വയ്ക്കാനുണ്ടോ?

3.17) വിരമിക്കൽപ്രായം മാറ്റേണ്ടതുണ്ടോ?

3.18) പെൻഷൻപ്രായം ഉയർത്തുന്നത് യുവാക്കളുടെ തൊഴിലവസരത്തെ ബാധിക്കുമെങ്കിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനു വേണ്ടി എന്തൊക്കെ പദ്ധതികൾ/ പരിപാടികൾ ആരംഭിക്കാനാകും.

## 4. സിവിൽ സർവ്വീസിന്റെ കാര്യക്ഷമത, സാമൂഹിക പ്രതിജ്ഞാബദ്ധത, ജനസൗഹൃദ സിവിൽ സർവ്വീസ്

4.1) സംസ്ഥാന സിവിൽ സർവ്വീസിന്റെ കാര്യക്ഷമത, പ്രതിജ്ഞാബദ്ധത, ജനസൗഹൃദ സിവിൽ സർവ്വീസ് ഇവയെ സംബന്ധിച്ച് നിങ്ങളുടെ വിലയിരുത്തൽ എന്താണ്?

4.2) സർക്കാർ ജീവനക്കാരുടെ പൊതുജനങ്ങളോടുള്ള സമീപനം തൃപ്തികരമാണോ? അല്ലെങ്കിൽ അതു മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ എന്താണ്?

4.3) സാങ്കേതികവിദ്യയുടെ സാധ്യതയുപയോഗിച്ച് സേവനം കൂടുതൽ വേഗത്തിലും ഗുണകരവുമാക്കുന്നതിന് സാധ്യതയുള്ള ഇടങ്ങൾ ഏതൊക്കെയാണ്? ഇത്തരം സാങ്കേതികവിദ്യ ഉപയോഗിച്ചിട്ടുള്ള ഇടങ്ങളിൽ ശരിയായ പ്രക്രിയാ നവീകരണം (process reengineering) നടന്നിട്ടുള്ളതായി കരുതുന്നുണ്ടോ?

4.4) സോഷ്യൽ ഓഡിറ്റിംഗിന് ഉചിതമായ സമ്പ്രദായം എന്താണ്?

4.5) സേവനാവകാശനിയമം സേവനം പ്രദാനംചെയ്യുന്നതിൽ പുരോഗതി വരുത്തിയിട്ടുണ്ടോ? ഇതിന്മേൽ എന്തൊക്കെ മാറ്റങ്ങളാണ് നിർദ്ദേശിക്കാനുള്ളത്.

4.6) വകുപ്പുതല ഉദ്യോഗസ്ഥൻമാർക്കും തദ്ദേശ സർക്കാരുകൾക്കും കൂടുതൽ അധികാരം നൽകുന്നതിനും കൂടുതൽ പ്രവർത്തനങ്ങൾ വികേന്ദ്രീകരിച്ച് നൽകുന്നതിനും സാധ്യതയുണ്ടോ?

4.7) പൊതുജനങ്ങൾക്ക് ഗുണമില്ലാത്തതും, കാലഹരണപ്പെട്ടതും, ആവശ്യമില്ലാത്തതുമായ ഏതെങ്കിലും സർക്കാർ പദ്ധതികൾ/ പ്രവൃത്തികൾ/ പരിപാടികൾ/ രീതികൾ നിലവിലുണ്ടോ?

4.8) ഉദ്യോഗക്കയറ്റത്തിനും ലാറ്ററൽ എൻട്രിക്കും ഒരു സ്ഥിരം ഇടവേളകളിൽ യോഗ്യതാപരീക്ഷ ഏർപ്പെടുത്തുന്നതും, പ്രവർത്തനോന്മുഖ ആനുകൂല്യങ്ങൾ ഏർപ്പെടുത്തുന്നതും, ഇൻക്രിമെന്റിന് കാര്യക്ഷമതാ നിബന്ധന ഏർപ്പെടുത്തുന്നതും, നിയമനരീതി പരിഷ്കരിക്കുന്നതും സിവിൽ സർവ്വീസിന്റെ ഗുണനിലവാരം ഉയർത്തുമെന്ന് താങ്കൾ കരുതുന്നുണ്ടോ?

4.9) നിലവിലുള്ള പ്രവൃത്തിദിവസങ്ങൾ/ പ്രവൃത്തിസമയം എന്നിവയിൽ മാറ്റം വരുത്തേണ്ടതുണ്ടെന്ന് നിങ്ങൾ കരുതുന്നുണ്ടോ?

4.10) സർക്കാർ ഉദ്യോഗസ്ഥരുടെ പ്രവർത്തനക്ഷമതയെ ബാധിക്കുന്ന തരത്തിൽ ഓഫീസുകളിൽ അടിസ്ഥാന സൗകര്യങ്ങളുടെയും അനുബന്ധ സൗകര്യങ്ങളുടെയും അഭാവം ഉണ്ടെന്ന് താങ്കൾ കരുതുന്നുണ്ടോ?

4.11) അഴിമതി തടയുന്നതിന് നിലവിലുള്ള നടപടികൾ സംബന്ധിച്ച താങ്കളുടെ അഭിപ്രായം എന്താണ്? ഈ നടപടികളിൽ എന്തൊക്കെ മെച്ചപ്പെടുത്തലുകൾ സാധ്യമാണ്?

4.12) സ്വകാര്യമേഖലയിൽ ഉള്ളതുപോലെ ഉന്നതനേട്ടങ്ങൾ കൈവരിക്കുന്നവർക്ക് സാമ്പത്തിക ഉപഹാരം നൽകുന്ന സമ്പ്രദായം സർക്കാർസർവ്വീസിൽ ഏർപ്പെടുത്തിയാൽ കാര്യക്ഷമത വർദ്ധിക്കുമെന്ന് കരുതുന്നുണ്ടോ?

4.13) ദീർഘനേരം ഇരുന്ന് ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർക്കുണ്ടാകുന്ന ജീവിതശൈലീരോഗങ്ങളും അവയുടെ അനന്തരഫലങ്ങളും ലഘൂകരിക്കുന്നതിനുള്ള എന്തെല്ലാം നടപടികളാണ് താങ്കൾക്ക് നിർദ്ദേശിക്കാനുള്ളത്.

4.14) ഏതെങ്കിലും സർക്കാർ വകുപ്പിലോ, ഓഫീസിലോ അധിക ജീവനക്കാരോ നിഷ്ക്രിയ ജീവനക്കാരോ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ അവ ഏതൊക്കെയാണ്?

4.15) ഏതെങ്കിലും സർക്കാർ വകുപ്പിലോ ഓഫീസിലോ ജീവനക്കാരുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ അവ ഏതൊക്കെയാണ്?

4.16) സർക്കാർ സേവനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ പുനർവിന്യാസ/ പുനർ നൈപുണീകരണ നടപടികൾ ദയവായി നിർദ്ദേശിക്കുക.

4.17) വില്ലേജാഫീസുകൾ, താലൂക്കാഫീസുകൾ, ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾ, മുനിസിപ്പൽ ഓഫീസുകൾ, പോലീസ് സ്റ്റേഷനുകൾ, സബ് രജിസ്ട്രാർ ഓഫീസുകൾ, സർക്കാരാശുപത്രികൾ തുടങ്ങി മറ്റ് ഫീൽഡ് ഓഫീസുകളിൽ പൊതുജനങ്ങളുമായുള്ള ഇടപഴകലിനുള്ള സൗകര്യങ്ങളിലും സമ്പ്രദായങ്ങളിലും നിങ്ങളുടെ അനുഭവത്തിന്റെ വെളിച്ചത്തിൽ ഏതുതരം മാറ്റങ്ങളാണ് വരുത്തേണ്ടതായി നിർദ്ദേശിക്കാനുള്ളത്?

**5. <u>ലിംഗാധിഷ്ഠിത വിഷയങ്ങൾ</u>**

5.1) സ്ത്രീ ജീവനക്കാർ അഭിമുഖീകരിക്കുന്ന ബഹുമുഖമായ പ്രശ്നങ്ങൾ എന്തൊക്കെയാണ്? അതു പരിഹരിക്കുന്നതിനുള്ള എന്ത് നടപടികളാണ് നിർദ്ദേശിക്കാനുള്ളത്?

5.2) സർക്കാർ ഓഫീസുകൾ കൂടുതൽ ലിംഗസൗഹൃദ (Gender Sensitive) മാക്കുന്നതിനായി ഏതൊക്കെ തരത്തിലുള്ള നയങ്ങൾ, പരിപാടികൾ, പദ്ധതികൾ, ചട്ടങ്ങൾ, നിയന്ത്രണങ്ങൾ, സ്ഥാപനഘടന തുടങ്ങിയവ വേണമെന്നാണ് താങ്കൾക്ക് നിർദ്ദേശിക്കാനുള്ളത്?

5.3) സ്ത്രീ ജീവനക്കാർക്ക് നിലവിലുള്ള സൗകര്യങ്ങൾ പര്യാപ്തമാണോ? ഇല്ലെങ്കിൽ നിർദ്ദേശങ്ങൾ സമർപ്പിക്കാമോ?

5.4) സർക്കാർ ഓഫീസുകളിൽ കൂടുതൽ ക്രഷുകൾ, വിശ്രമമുറികൾ, മുലയൂട്ടൽ സൗകര്യങ്ങൾ, ശൗചാലയങ്ങൾ ഇവ ലഭ്യമാക്കുന്നത് സാധ്യമാണെന്ന് താങ്കൾ കരുതുന്നുണ്ടോ?

5.5) ലിംഗബോധമുള്ളതും കുടുംബസൗഹൃദപരവുമായ തൊഴിൽ സംസ്കാരം നേടുന്നതിനുള്ള ഉപാധിയായി ജെൻഡർ ബജറ്റിനെ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ നിർദ്ദേശിക്കാമോ?

5.6) ഏതെങ്കിലും ഒരു പ്രത്യേക സർവ്വീസിൽ സ്ത്രീകളുടെ പ്രാതിനിധ്യം ശരിയായ അനുപാതത്തിലല്ലെന്ന് നിങ്ങൾ കരുതുന്നുണ്ടോ? പ്രവേശന തലത്തിലും പ്രൊമോഷൻ തലത്തിലും സ്ത്രീ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് ലിംഗ സംവരണം ഏർപ്പെടുത്തേണ്ടതുണ്ട് എന്ന് നിങ്ങൾ കരുതുന്നുണ്ടോ?

5.7) പ്രത്യേക പരിശീലനപരിപാടികൾ, ശിൽപ്പശാലകൾ, പരിചയം/മികവ് ലഭിക്കുന്നതിനുള്ള സന്ദർശനപരിപാടികൾ എന്നിവ വഴി സ്ത്രീകളുടെ തൊഴിൽ ഉന്നതി കൈവരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ഉണ്ടെങ്കിൽ നിർദ്ദേശിക്കുക.

5.8) സർക്കാർ ഓഫീസിലെ ലൈംഗികാതിക്രമങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള നിലവിലെ സമ്പ്രദായം ഉചിതവും പര്യാപ്തവും ആണോ?

**6. കമ്മിഷന്റെ പരിഗണനാവിഷയങ്ങൾ പ്രകാരമുള്ള മറ്റു വിഷയങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ അവ രേഖപ്പെടുത്തുക.**

**SPARK LiVE**
*************
**GOVT.NEWS**